(ബി) ഈ കൗൺസിൽ ഇതേവരെ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്; എന്നൊക്കെ;

(സി) വികസന കൗൺസിൽ യോഗം ചർച്ചചെയ്തു തീരുമാനമെടുത്ത വിഷയങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) വികസന കൗൺസിൽ തീരുമാനിച്ച ഏതൊക്കെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 24.6.1998-ൽ

(ബി) യോഗം ചേർന്നിട്ടില്ല.

(സി)&(ഡി) ഉദിക്കുന്നില്ല.

ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണം

20 (20)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീമതി ശോഭനാജോർജ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) ഈ കാലഘട്ടത്തിൽ ന്യൂനപക്ഷങ്ങൾ സ്ഥാപിച്ചു നടത്തിവരുന്ന ഏതെല്ലാം വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സമരമുണ്ടായതിനെത്തുടർന്ന് എന്തെല്ലാം അനിഷ്ടസംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

അന്വേഷണ കമ്മിഷനുകൾ

21 (21)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജോർജ്.ജെ. മാത്യു :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജുഡീഷ്യൽ അന്വേഷണങ്ങൾക്ക് ഏതൊക്കെ കമ്മിഷനുകളെ നിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ പ്രതിപക്ഷ പാർട്ടികളുടെ ആവശ്യപ്രകാരം ഏതെങ്കിലും ജുഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതൊക്കെ വിഷയങ്ങളെക്കുറിച്ച് അന്വേഷിക്കാനാണ് കമ്മീഷനുകളെ നിയോഗിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ഇവയിൽ ഏതൊക്കെ കമ്മിഷനുകളുടെ അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടെന്നും, റിപ്പോർട്ടുകൾ സമർപ്പിച്ചത് എന്നാണെന്നും വെളിപ്പെടുത്തുമോ;

(ഇ) ഇനിയും റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തവയുടെ വിവരം നൽകുമോ;

(എഫ്) ലഭിച്ച റിപ്പോർട്ടുകളിൽ ഓരോന്നിലും ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ജി) ലഭിച്ച റിപ്പോർട്ടുകളിൽ മേശപ്പുറത്തു വയ്ക്കാത്തവ ഏതൊക്കെയാണെന്നത് സംബന്ധിച്ച വിവരം നൽകുമോ;

(എച്ച്) മുൻസർക്കാരിന്റെ കാലത്ത് പ്രതിപക്ഷം ആവശ്യപ്പെട്ട പ്രകാരം എത്ര ജുഡീഷ്യൽ അന്വേഷണങ്ങൾക്ക് ഉത്തരവായിട്ടുണ്ട്?

ഉത്തരം

(എ) 1) ശ്രീ. ജസ്റ്റീസ് വി. ശിവരാമൻ നായർ കമ്മിഷൻ

2) ശ്രീ. കെ. സുധാകരൻ കമ്മിഷൻ

3) ശ്രീ. ജസ്റ്റീസ് വി. ഭാസ്കരൻ നമ്പ്യാർ കമ്മിഷൻ

4) ശ്രീ. കെ.പി. നാരായണൻ നായർ കമ്മിഷൻ

5) ശ്രീ. ജസ്റ്റീസ് ടി. ചന്ദ്രശേഖരമേനോൻ കമ്മിഷൻ

6) ശ്രീ. സി. ഖാലിദ് കമ്മിഷൻ

(ബി) ഉണ്ട്.

(സി) 1) ശ്രീ. ജസ്റ്റീസ് വി. ശിവരാമൻ നായർ കമ്മിഷൻ-ബ്രഹ്മപുരം ഡീസൽ പ്ലാന്റ് നിർമ്മാണത്തിൽ ആരോപിക്കപ്പെട്ട അഴിമതിയെക്കുറിച്ച് അന്വേഷിക്കുവാൻ.

2) ശ്രീ. കെ. സുധാകരൻ കമ്മിഷൻ എറണാകുളം വനിതാ പോലീസ് സ്റ്റേഷനിൽ വച്ച് അഡ്വ:സ്നേഹദേവനെ പോലീസ് മർദ്ദിച്ചതായി പറയപ്പെടുന്ന ആരോപണത്തെക്കുറിച്ച് അന്വേഷിക്കാൻ.

3) ശ്രീ. ജസ്റ്റീസ്.വി. ഭാസ്ക്കരൻ നമ്പ്യാർ കമ്മിഷൻ - ശിവഗിരിയിലെ പോലീസ് ലാത്തിച്ചാർജ്ജിനെക്കുറിച്ച് അന്വേഷിക്കുവാൻ.

4) ശ്രീ. കെ.പി. നാരായണൻ നായർ കമ്മിഷൻ - സർവ്വശ്രീ അടൂർ പ്രകാശ് എം.എൽ.എ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ എന്നിവർക്ക് നേരെ നടന്നതായി ആരോപിക്കപ്പെടുന്ന പോലീസ് അതിക്രമവും തിരുവനന്തപുരത്തും കോട്ടയത്തും ഡി.സി.സി. ആഫീസുകളിൽ നടന്നതായി ആരോപിക്കപ്പെടുന്ന പോലീസ് അതിക്രമങ്ങൾ അന്വേഷിക്കുവാൻ.

5) ശ്രീ. ജസ്റ്റീസ് ടി. ചന്ദ്രശേഖരമേനോൻ കമ്മിഷൻ - ശബരിമലയിൽ 14.1.1999-ന് ഉണ്ടായ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ.

6) ശ്രീ. ജി. ഖാലിദ് കമ്മീഷൻ - കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിലെ സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കാൻ.

(ഡി) മുകളിൽപ്പറഞ്ഞ ആദ്യത്തെ നാലു കമ്മിഷനുകളുടെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. അവ യഥാക്രമം 11.4.'99, 13.1.'98, 28.8.'99, 29.4.1998 എന്നീ

LIBRARY ARCHIVES Kerala Legislative Assembly

തീയതികളിലാണ് ലഭിച്ചിട്ടുള്ളത്. കൂടാതെ ജസ്റ്റീസ് ടി. ചന്ദ്രശേഖരമേനോൻ കമ്മിഷൻ ഇടക്കാല റിപ്പോർട്ട് 14.10.'99-ൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ശ്രീ. ടി. ചന്ദ്രശേഖരമേനോൻ കമ്മിഷന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ശ്രീ. ഖാലിദ് കമ്മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളു.

(എഫ്) ലഭിച്ച റിപ്പോർട്ടുകളിൽ ശ്രീ. ജസ്റ്റീസ്.വി. ഭാസ്ക്കരൻ നമ്പ്യാർ കമ്മിഷന്റെയൊഴികെ എല്ലാ റിപ്പോർട്ടുകളിൻമേലും സ്വീകരിച്ച നടപടികൾ അസംബ്ലിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ജി) ശ്രീ. ജസ്റ്റീസ്. വി. ഭാസ്ക്കരൻ നമ്പ്യാർ കമ്മിഷന്റെ റിപ്പോർട്ട് മാത്രമാണ് സഭയിൽ സമർപ്പിക്കാനുള്ളത്. ആയതിലേയ്ക്ക് ആവശ്യമായ കോപ്പികൾ അച്ചടിക്കുവാൻ ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എച്ച്) പ്രതിപക്ഷം ആവശ്യപ്പെട്ട പ്രകാരമാണ് ജുഡീഷ്യൽ അന്വേഷണങ്ങൾക്കെല്ലാം ഉത്തരവിട്ടത്.

അന്വേഷണ കമ്മിഷനുകൾ

22 (22)ശ്രീ. എ. കണാരൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീ. എ. അലിഹസ്സൻ :

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മിഷൻ ഓഫ് എൻക്വയറീസ് ആക്ടനുസരിച്ച് ഈസർക്കാർ എത്ര അന്വേഷണ കമ്മിഷനുകളെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം കമ്മിഷനുകളുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്; ഇതിൽ ഏതെല്ലാം റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചു;

(സി) സർക്കാരിന് സമർപ്പിച്ച ഓരോ റിപ്പോർട്ടിൻമേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കുമോ;

(ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് മന്ത്രിമാർ നടത്തിയ അഴിമതിയെക്കുറിച്ചുള്ള അന്വേഷണങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലിരിക്കുന്നു; ഇതിനകം പൂർത്തിയാക്കിയ നടപടികൾ വ്യക്തമാക്കുമോ;

(ഇ) ഇവർക്കെതിരെ ചാർജ്ജ് ചെയ്തിട്ടുള്ള കുറ്റങ്ങൾ തീർപ്പുകൽപ്പിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് അവശേഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ; അന്വേഷണനടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) അഴിമതിക്കേസ്സുകളിൽ പ്രതികളായിട്ടുള്ള മുൻമന്ത്രിമാരെ പ്രോസിക്യൂട്ടു ചെയ്യുന്നതിൽ ഗവർണ്ണറുടെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസ്സുകൾക്കാണ് ഗവർണ്ണറുടെ അനുമതി ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ജി) കമ്മിഷൻ റിപ്പോർട്ടിൽ ഏതെല്ലാം മുൻമന്ത്രിമാർ അഴിമതി നടത്തിയതായി തെളിഞ്ഞിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly